


# എനിക്ക് രണ്ടപ്പം

പണ്ട് ഒരു രാജ്യത്ത് ഒരു അമ്മൂമ്മയും ഒരു അപ്പൂപ്പനും താമസിച്ചിരുന്നു. ഒരു ദിവസം രാത്രി അവർ അരിയിടിച്ച് അപ്പമുണ്ടാക്കി. ആകെ മൂന്നെണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എനിക്ക് രണ്ട്, നിനക്ക് ഒന്ന് എന്ന് പറഞ്ഞു അപ്പൂപ്പൻ. അമ്മൂമ്മ അത് സമ്മതിച്ചില്ല. എനിക്ക് രണ്ട്, നിങ്ങക്ക് ഒന്ന് എന്ന് പറഞ്ഞു അമ്മൂമ്മ.

രണ്ടുപേരും തമ്മിൽ തർക്കമായി. അവസാനം ഒരു തീരുമാനത്തിലെത്തി. ഇപ്പോൾ രണ്ടുപേരും ഉറങ്ങുക. എന്നിട്ട് രാവിലെ ആദ്യം എഴുന്നേൽക്കുന്നയാൾക്ക് ഒന്നും രണ്ടാമത് എണീക്കുന്നയാൾക്ക് രണ്ടും അപ്പം കിട്ടും. അങ്ങനെ രണ്ടാളും ഉറങ്ങാൻ തുടങ്ങി. രാവിലെയായപ്പോൾ എഴുന്നേറ്റിട്ടും രണ്ടുപേരും ഉണരാത്ത പോലെ കണ്ണടച്ച് കിടന്നു. അങ്ങനെ നട്ടുച്ചയായി.

അപ്പൂപ്പനെയും അമ്മൂമ്മയെയും പുറത്ത് കാണാതിരുന്നപ്പോൾ നാട്ടുകാർ അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും വീട്ടിലെത്തി. രണ്ടുപേർക്കും അനക്കമില്ല. രണ്ടുപേരും മരിച്ചെന്ന് കരുതി നാട്ടുകാർ. അവർക്ക് രണ്ടുപേർക്കുമായി ചിതയൊരുക്കാമെന്ന് ആരോ പറഞ്ഞു. അന്നേരം ഭയന്നുകൊണ്ട് അപ്പൂപ്പൻ ചാടിയെഴുന്നേറ്റു. ഉടനെ അമ്മൂമ്മ ആഹ്ലാദത്തോടെ എണീറ്റുകൊണ്ട് എനിക്ക് രണ്ടപ്പം എന്ന് പറഞ്ഞു. നാട്ടുകാർക്ക് ഒന്നും മനസ്സിലായില്ല. അന്തം വിട്ട് നിൽക്കുന്ന നാട്ടുകാരോട് അപ്പൂപ്പൻ കാര്യങ്ങൾ വിശദീകരിച്ചു കൊടുത്തു. അതുകേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു. എല്ലാവരും പോയ ശേഷം അപ്പൂപ്പനും അമ്മൂമ്മയും ഒന്നര അപ്പം വീതം പങ്കിട്ടു കഴിച്ചു.

**- നാസിയ പർവീൻ**
ക്ലാസ് 7
തൃച്ചംബരം യു.പി സ്കൂൾ, കണ്ണൂർ

# ഭാഷ

എന്തിനാണ് ഭാഷ?
സംസാരിക്കാൻ
എഴുതാൻ...

നല്ലതല്ലാത്തതാണ്
സംസാരിക്കുന്നതും
എഴുതുന്നതുമെങ്കിലോ..

അപ്പോൾ ഭാഷ
ദോഷമായി മാറുന്നു.
നമ്മുടെ മനസ്സ് നന്നായാൽ
നമ്മുടെ ഭാഷയും നന്നാകും.

**- ഷാസിൽ സിഹാൻ**
ക്ലാസ് 9
മലബാർ ഇംഗ്ലീഷ് സ്കൂൾ, കോട്ടക്കൽ



**മെഹ്‌വ ഫിറോസ്,** ക്ലാസ്- 2
കാമ്പ് & എം സ്കൂൾ, അയിലക്കാട്



**ശാരിഖ് മിഷാൽ,** ക്ലാസ്- 4
എ.എം.ഐ മൂച്ചിക്കൽ, വളാഞ്ചേരി




**അബൂബക്കർ സിദ്ദീഖ്,** ക്ലാസ്- 7
വെർച്ച്യു പബ്ലിക് സ്കൂൾ, നടുവണ്ണൂർ



**ഹിദ ടി എ,** ക്ലാസ്- 3
മോഡൽ സെൻട്രൽ സ്കൂൾ, ആലത്തൂർ

# എന്റെ വേദനകൾ

ഞാനും എന്റെ കൂട്ടുകാരും സന്തോഷത്തോടെ ജീവിക്കുക യായിരുന്നു.ഒരു ദിവസം ഒരാൾ വന്ന് എന്റെ കൂട്ടുകാരനെ തട്ടിക്കൊണ്ട് പോയി.എനിക്ക് സങ്കടമായി.പിന്നീട് ഒരാൾ വന്നു എന്നെയും ഒരു ചാക്കിൽ കെട്ടി തട്ടിക്കൊണ്ടു പോയി.അയാൾ എന്നെ ഒരു ഇരുട്ടു മുറിയിൽ അടച്ചു.അവിടെ എന്റെ കൂട്ടുകാരനും ഉണ്ടായിരുന്നു.അവിടുത്തെ ഇരുട്ടിൽ ചൂടും പുകയും തട്ടി ഇരുന്ന് എന്റെ തൊലിയൊക്കെ കറുത്ത് പോയി.പിന്നീടൊരു ദിവസം അവർ വന്നു എന്റെ തൊലിയൊക്കെ ഉരിഞ്ഞു, വെട്ടിക്കീറി തിളയ്ക്കുന്ന എണ്ണയിലേക്ക് ഇട്ടു.അവർ എന്റെ പേര് പോലും മാറ്റി കളഞ്ഞു.ഇപ്പോൾ എന്റെ പേരാണ് ....'പഴം പൊരി'

**– മുഹമ്മദ് നിജാദ് സി.കെ,** ക്ലാസ് 5,
ടി.ഐ.സി. സെക്കന്ററി സ്കൂൾ, തിരൂർ

## ഹാസ്യം




സാഹിത്യത്തിലെ ഹാസ്യം വായനക്കാരെ രസിപ്പിക്കുകയും അവന്റെ മനസ്സിന്റെ വിഷമതകളെ കഴുകിക്കളയുകയും ചെയ്യുന്നു. ഹാസ്യസാഹിത്യം എന്നൊരു വിഭാഗം തന്നെ സാഹിത്യലോകത്തുണ്ടായിരുന്നു. സഞ്ജയൻ, വേളൂർ കൃഷ്ണൻകുട്ടി മുതലായവ ഹാസ്യസാഹിത്യകാരന്മാരായാണ് അറിയപ്പെട്ടിരുന്നത്.

എന്നാൽ ഇന്ന് ഹാസ്യം എല്ല സാഹിത്യകൃതികളുടെ അടിത്തട്ടിൽ നമുക്ക് കാണാം. ആക്ഷേപഹാസ്യം കറുത്തഹാസ്യം എന്നിങ്ങനെ ഹാസ്യത്തിന് ഒട്ടേറെ വകഭേദങ്ങളുണ്ട്. അവ നിങ്ങൾ വളർന്നു വലുതായി വലിയ വായനയിലേക്ക് പോകുമ്പോഴേ ശരിക്കും മനസ്സിലാകൂ. ഹാസ്യത്തിലൂടെ സമൂഹത്തിനു നേരെ വിമർശനശരമയക്കാനും സാധിക്കും.

ചിലപ്പോൾ തമാശകൊണ്ട് വലിയവേദനകൾ നമ്മെസ്പർശിക്കാതെ നോക്കാനും സാധിക്കും. വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികളിലെ ചിരി അത്തരത്തിലൊന്നാണ്.

എനിക്ക് രണ്ടപ്പം എന്ന കഥ പൂർണ്ണമായും ഹാസ്യകഥ എന്ന വിഭാഗത്തിൽ പെടുന്നതാണ്.

സസ്നേഹം
**മാഷ്**